RCS/789/2021-G(4)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 30.01.2021

**സർക്കുലർ നം. 07/2021**

വിഷയം- സഹകരണ വകുപ്പ്- കെ.വി. സുരേന്ദ്രനാഥ് ട്രസ്റ്റ്- സഹകരണസ്ഥാപനങ്ങളിൽ നിന്നും സംഭാവന-നിർദ്ദേശം- സംബന്ധിച്ച്

പരാമർശം- ട്രസ്റ്റ് ചെയർമാൻ ബഹു. സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച 25.01.2021 ലെ അപേക്ഷ

പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയും,പൊതുപ്രവർത്തകനും,എം.എൽ.എയും, എഴുത്തുകാരനുമായിരുന്ന ശ്രീ.കെ.വി.സുരേന്ദ്രനാഥിന്റെ പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ച് പ്രവർത്തനം നടന്നു വരികയാണ്.തിരുവനന്തപുരത്ത്കവടിയാർവില്ലേജിൽസംസ്ഥാന സർക്കാർ അനുവദിച്ച ഭൂമിയിൽ ഇതിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വിപുലമായ ഗ്രന്ഥശാലയ്ക്കും, പഠന ഗവേഷണ കേന്ദ്രത്തിനും സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന നൽകണമെന്നുള്ള അപേക്ഷ പരിഗണിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് സഹകരണ നിയമം വകുപ്പ് 56(2) (d) പ്രകാരമുള്ള അവയുടെ പൊതുനന്മാ ഫണ്ടിൽ നിന്നും ഈ ഉദ്യമത്തിലേക്ക് സംഭാവന നൽകുന്നതിന് അനുവാദം നൽകുന്നു.

(ഒപ്പ്)

കെ.സജ്ജാദ്

സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന

അഡീഷണൽ രജിസ്ട്രാർ ക്രെഡിറ്റ്.

പകർപ്പ് :-

1) ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം.
2) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) തിരുവനന്തപുരം.
3) എല്ലാ സഹകരണ സംഘങ്ങൾക്കും. (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
4) ചെയർമാൻ, കെ.വി.സുരേന്ദ്രനാഥ് ട്രസ്റ്റ്,എസ്.എസ്.ലാ ചേംബേഴ്സ്,റ്റിസി27/1937(4),ചിറക്കുളം റോഡ്,പുത്തൻറോഡ് ജംങ്ഷൻ,ജിപിഒ, തിരുവനന്തപുരം.
5)എഡിറ്റർ സഹകരണ വീഥി
6)സ്റ്റോക്ക് ഫയൽ